III ഇ.ബി. XII-കേരള നിയമസഭ /V-1

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2007 ജൂൺ 19, ചൊവ്വ

പന്ത്രണ്ടാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 2007 ജൂൺ 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

### I ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ഉന്നയിക്കുകയും അവയിൽ *1,*2 എന്നിവയ്ക്ക് മുഖ്യമന്ത്രിയും *3 -ന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയും മറുപടി നൽകുകയും ചെയ്തു.

### II അടിയന്തിര പ്രമേയം

സംസ്ഥാനത്ത് പത്തുലക്ഷത്തിൽ കൂടുതൽ ആളുകൾക്ക് പകർച്ചപ്പനി പിടിപെട്ടിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ഭയാശങ്കകൾമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ.സി. ജോസഫും മറ്റ് നാല് അംഗങ്ങളും നൽകിയ അടിയന്തിര പ്രമേയത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപെട്ട സ്പീക്കർ

അവതരണാനുമതി നിഷേധിച്ചു. തുടർന്ന് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് നിലപാടിനോട് യോജിക്കാൻ കഴിയുകയില്ലെന്നും ഈ ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നും മുഖ്യമന്ത്രി ഇടപെട്ട് അതിനുള്ള അവസരമുണ്ടാക്കണമെന്നും ആവശ്യപ്പെട്ടു. ഗവൺമെന്റ് സ്വീകരിച്ച നിലപാടുകളെ സംബന്ധിച്ച് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും വ്യക്തമാക്കിക്കഴിഞ്ഞ സാഹചര്യത്തിൽ ചെയറിന് ഒന്നും പറയാനില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

(തുടർന്ന് പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലേയ്ക്ക് ഇറങ്ങി മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ പ്രതിപക്ഷം സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചെങ്കിലും അതുണ്ടാകാത്തതിനാൽ അജണ്ട പ്രകാരമുള്ള അടുത്ത നടപടിയിലേയ്ക്ക് കടക്കുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

## III ശ്രദ്ധ ക്ഷണിക്കൽ

( ബഹുമാനപ്പെട്ട അംഗം ശ്രീ. ബാബു പ്രസാദ് സീറ്റിലില്ലാതിരുന്നതിനാൽ ഒന്നാം നമ്പർ ശ്രദ്ധക്ഷണിക്കൽ അവതരിക്കപ്പെട്ടില്ല.)

(2) നിലവിലുള്ള മാനദണ്ഡപ്രകാരം ബി.പി.എൽ. സർവ്വേ നടത്തിയാൽ അർഹരായ നിരവധി പേർ ലിസ്റ്റിൽനിന്ന് ഒഴിവാക്കപ്പെടുമെന്നതിനാൽ ഇക്കാര്യത്തിൽ പുതിയ മാനദണ്ഡം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ബി. രാഘവൻ തദ്ദേശസ്വയംഭരണവും

ഗ്രാമവികസനവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു

**IV മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**VI റിപ്പോർട്ട് സമർപ്പണം**

ഒന്ന് മുതൽ പത്തുവരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**V നിയമനിർമ്മാണ കാര്യം**

**ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

(1) 2007-ലെ കേരള വനേതരപ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ബിൽ

2007-ലെ കേരള വനേതരപ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ബിൽ വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു.

2007-ലെ കേരള വനേതരപ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക്

അയ്ക്കണമെന്ന പ്രമേയം വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

2007-ലെ കേരള വനേതരപ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(2) 2007-ലെ കേരള വർഷകാല മൽസ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ബിൽ

2007-ലെ കേരള വർഷകാല മൽസ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ബില്ലും പ്രസ്തുത ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയ്ക്കണമെന്ന പ്രമേയവും ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും പ്രമേയത്തെ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

2007-ലെ കേരള വർഷകാല മൽസ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയ്ക്കണമെന്ന

പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2007 ജൂൺ മാസം 20-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.51-ന് പിരിഞ്ഞു.